**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 993** **10-06-2021 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ വെളിയന്നൂർ, ഇലയ്ക്കാട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. K. Rajan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ വെളിയന്നൂർ, ഇലയ്ക്കാട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണം സംബന്ധിച്ച് ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ; പ്രസ്തുത ഡി.പി.ആർ. സർക്കാർ അംഗീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഇലയ്ക്കാട്, വെളിയന്നൂർ എന്നീ വില്ലേജ് ഓഫീസുകൾക്ക് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം പുതിയ കെട്ടിടം പണിയുന്നതിനുള്ള ഡി.പി.ആർ. സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വില്ലേജ് ഓഫീസുകൾ പണിയുന്നതിന് സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെ ഭരണാനുമതിയാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | വില്ലേജ് ഓഫീസ് ഒന്നിന് 44,00,000/- രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. |
| (സി) | ഡി.പി.ആർ. ലഭിച്ചിട്ടുള്ള പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും അവ ടെണ്ടർ ചെയ്യുന്നതിനുമുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | ഇലയ്ക്കാട്, വെളിയന്നൂർ എന്നീ രണ്ട് വില്ലേജാഫീസുകൾക്കും പുതിയ കെട്ടിടം പണിയുന്നതിന് സാങ്കേതിക അനുമതി ലഭ്യമാക്കിയിട്ടുള്ളതും ടെൻഡർ നടപടികളുടെ പ്രാരംഭ ജോലികൾ പൂർത്തിയായി വരുന്നതും ആണ്. |

സെക്ഷൻ ഓഫീസർ